File No.FWLD-D3/100/2018-FWLD

പതിനാലാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.965 — 06.06.2018 ന് മറുപടിയ്ക്ക്.

**കേരള വനംവികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) വനം വകുപ്പിന്റെ കീഴിലുള്ള കേരള വനംവികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി ആരെയാണ് നിയമിച്ചിട്ടുള്ളത്; | (എ) ശ്രീ.പി.ആർ.സുരേഷ് ഐ.എഫ്.എസ് -നെയാണ് നിയമിച്ചിട്ടുള്ളത്. |
| (ബി) ചീഫ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥന് പകരം ഡെപ്യൂട്ടി കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ മാനേജിംഗ് ഡയറക്ടറായി നിയമിച്ച നടപടി കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോ; | (ബി) ശ്രീ.പി.ആർ.സുരേഷ് - നെ മാനേജിംഗ് ഡയറക്ടറായി നിയമിച്ച നടപടി കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടില്ല. |
| (സി) നിയമനം കോടതി റദ്ദാക്കിയ ശേഷവും മാനേജിംഗ് ഡയറക്ടർ സ്ഥാനത്ത് നിലവിലുള്ള വ്യക്തി തുടരുന്നത് എന്ത് കൊണ്ടാണ്; വിശദമാക്കാമോ; | (സി) ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ബാധകമല്ല. |
| (ഡി) നിയമവിരുദ്ധമായി നിയമനം നേടിയ വ്യക്തിയെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്ത് നിന്നും പുറത്താക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ.